മി. സ്പീക്കർ: ചോദ്യം 603.

ശ്രീ. പി. സീതി ഹാജി: സർ, എന്താണ് സർ ഇത്!

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഹാജി ഇരിക്കണം. എല്ലാ അംഗങ്ങൾക്കും ഒരുപോലെയുള്ള അവകാശമാണ്. പരമാവധി എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അവസരം നൽകാൻ ശ്രമിക്കുന്നുണ്ട്. ഉപചോദ്യങ്ങൾ അനുവദിക്കുന്നത് ചെയറിന്റെ ഡിസ്ക്രിഷനാണ്. ബഹുമാനപ്പെട്ട സീതിഹാജിയെപ്പോലെയുള്ള അംഗങ്ങൾ നിരുത്തരവാദപരമായി പ്രസ്താവനകൾ നടത്തുന്നത് വളരെ ആക്ഷേപകരമാണ്. ആരെയും അടിച്ചമർത്തുന്നില്ല. ദയവായി ഇരിക്കണം. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നുണ്ട്.

പേൾ കൾച്ചറിനും മസ്സൽ കൾച്ചറിനും വേണ്ടി നടപ്പാക്കിവരുന്ന പദ്ധതികൾ

* 555 [603] ശ്രീ. ടി. വി. ദക്ഷിണാമൂർത്തി:

,, സി. ബി. സി. വാര്യർ:

,, പി. കരുണാകരൻ:

,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:

,, പി. ആർ. ശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേൾ കൾച്ചറിനും മസ്സൽ കൾച്ചറിനും വേണ്ടി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാം;

(ബി) അവ ഓരോന്നിന്റെയും വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചിട്ടെത്ര കാലമായി; ഇതുവരെയും എന്തുതുക ചെലവഴിച്ചു;

(ഡി) അവയുടെ പ്രവർത്തനം ലാഭകരമാണോ;

(ഇ) ട്രെയിനിംഗ് ലഭിച്ച വിദഗ്ദ്ധൻമാരുടെ അഭാവം ആ പദ്ധതികളുടെ പ്രവർത്തന പുരോഗതിയെ ബാധിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഈ പദ്ധതികൾക്കുവേണ്ടി ഓരോ പ്രോജക്ടും വീതം വിഴിഞ്ഞത്ത് സ്ഥാപിച്ചിട്ടുണ്ട്.

(ബി) പേൾ കൾച്ചർ പ്രോജക്ടിൽ നല്ലയിനം മുത്തുകളും മസ്സൽ കൾച്ചർ പ്രോജക്ടിൽ പോഷകമൂല്യങ്ങളടങ്ങിയ കക്കയിറച്ചിയും വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1976 മുതൽ ആരംഭിച്ച ഈ രണ്ട് പദ്ധതികൾക്കുംവേണ്ടി ഇതുവരെ ചെലവായ തുക താഴെ ചേർക്കുന്നു:—

1.	പേപ്പർ കാർഡ്ബോർഡ്	..	9,42,344·33 രൂപ
2.	മസ്സൽ കാർഡ്ബോർഡ്	..	7,23,771·36 രൂപ

(ഡി) ലാഭകരമല്ല.

(ഇ) ഇല്ല.

(എഫ്) പ്രോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഈ രണ്ട് പ്രോജക്റ്റിന്റേയും പ്രോജക്റ്റ് റിപ്പോർട്ടിൽ 5 വർഷത്തിനകം ഈ പ്രോജക്റ്റുകൾ ലാഭകരമായി നടത്താൻ സാധിക്കുമെന്നു സൂചിപ്പിച്ചിരുന്നു. അതിനെസംബന്ധിച്ച് വല്ല പരിശോധനയും നടത്തിയിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോൾ അത് പരിശോധനയ്ക്ക് വിധേയമാക്കിയിരിക്കുകയാണ്. ഇതിന്റെ എല്ലാവശങ്ങളും പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഇപ്പോൾ ലാഭകരമല്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: സാധാരണ പ്രോജക്റ്റ് ആരംഭിച്ച് ഏതാനും വർഷം കഴിയുമ്പോൾ അതിനെപ്പറ്റി അവലോകനം ചെയ്യുന്ന സമ്പ്രദായം ഉണ്ട്. ഈ പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം ശരിയായ അവലോകനം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന് ആവശ്യമായ വിദഗ്ദ്ധൻമാരെ നിയമിക്കാൻ കഴിയാത്തതിനെസംബന്ധിച്ചിടത്തോളം ആലോചിച്ചിട്ടുണ്ടോ? ആവശ്യമായ നടപടികൾ കൈക്കൊണ്ടുകൊണ്ട് ഇത് ലാഭകരമായി നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇടയ്ക്കുവച്ച് അവലോകനം നടത്തിയിട്ടുണ്ട്. ചില വിദഗ്ദ്ധൻമാരാണ് കൈകാര്യം ചെയ്തിരിക്കുന്നത്. സെൻട്രൽ മൈൻ ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ സയൻറിസ്റ്റായ കുമാരസ്വാമി ആയിരുന്നു ചാർജ് വഹിച്ചിരുന്നത്. 1969 വരെ അദ്ദേഹമായിരുന്നു. ഇപ്പോഴും അദ്ദേഹംതന്നെയാണ് ഈ കേന്ദ്രത്തിന്റെ ചുമതല വഹിക്കുന്നത്. അതിനുംപുറമെ എട്ടുപത്ത് സയൻറിസ്റ്റുകൾക്ക് ടെയിനിംഗ് കൊടുത്തിരുന്നു. ശരിയായ പ്രവർത്തനം നടത്തുന്നുണ്ടെന്നു പറയുന്നില്ല. ഇതിന്റെ എല്ലാ വശങ്ങളും ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. ബി. സി. വാര്യർ: പേപ്പർ കാർഡ്ബോർഡിംഗിനും മസ്സൽ കാർഡ്ബോർഡിംഗിനും വേണ്ടി ഈ പ്രോജക്റ്റുകൾക്ക് രൂപം കൊടുത്ത അവസരത്തിൽ ഉദ്ദേശിച്ച രീതിയിലുള്ള പ്രവർത്തനം നടത്താതിരിക്കുന്നതിന്റെ ഫലമായി ഇന്ന് ലാഭകരമല്ലാതായിത്തീർന്നിരിക്കുന്നു എന്നുള്ള സാഹചര്യം കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായി അതിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിച്ച് അത് ലാഭകരമായി പ്രവർത്തിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതിനെപ്പറ്റി അടിയന്തിരമായി അന്വേഷിക്കുന്നതാണ്. ഇപ്പോഴത്തെ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുവരെ ഈ മുത്തുവികസന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിച്ച 'എ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രേഡ് മുത്തുകൾ 289-ഉം 'ബി' ഗ്രേഡ് മുത്തുകൾ 620-ഉം ആണ്. അത് നമുക്ക് ഇതുവരെ വിൽക്കാൻ സാധിച്ചിട്ടില്ല. അതിനേക്കുറിച്ച് ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെയാണ് മസ്സൽ കൾച്ചറിംഗിന്റെ പ്രശ്നവും. രണ്ടും വിശദമായി പരിശോധിച്ച് ആവശ്യമായ തീരുമാനം എടുക്കുന്നതാണ്.

ശ്രീ. സി. ബി. സി. വാര്യർ: പേൾ കൾച്ചറിംഗിന് ആവശ്യമായ ബീഡ്സ് ഇറക്കുമതി ചെയ്യേണ്ടിവരുന്നു എന്നുള്ള സാഹചര്യംകൊണ്ട് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ട് നമ്മുടെ നാട്ടിൽ നിന്നും കിട്ടുന്ന കക്ക ഉപയോഗിച്ചുകൊണ്ട് ബീഡ്സ് ഉണ്ടാക്കാമെന്ന് മാറിപ്പോയ ശ്രീ. കുമാരസ്വാമി കണ്ടുപിടിച്ചിരിക്കുന്ന സാഹചര്യത്തിൽ അതിനെസംബന്ധിച്ചിടത്തോളം ആവശ്യമായ സംവിധാനം ഉണ്ടാക്കിക്കൊണ്ട് നമ്മുടെ നാട്ടിലുള്ള കക്കയിൽനിന്നും ഉള്ള ബീഡ്സ് ഉൽപ്പാദിപ്പിച്ച് ലാഭകരമായി കൾച്ചറിംഗ് നടത്താനുള്ള ശ്രമം നടത്തുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും പരിശോധിക്കുന്നതാണ്.

ശ്രീ. പി. കരുണാകരൻ: പേൾ കൾച്ചറിംഗിന് 9 ലക്ഷം രൂപയും മസ്സൽ കൾച്ചറിംഗിന് 7 ലക്ഷം രൂപയും നഷ്ടമാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇത്രവലിയ നഷ്ടമുണ്ടാകുന്നതിനെപ്പറ്റി ഒരു പരിശോധന ഇടക്കാലത്ത് നടത്തിയെന്നുപറഞ്ഞു. ആ നഷ്ടത്തിന് കാരണമെന്താണെന്നു പറയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അത്രയും രൂപ നഷ്ടമാണെന്നു ഞാൻ പറഞ്ഞിട്ടില്ല. അത്രയും രൂപ ചെലവായിട്ടുണ്ട്. പൊതുവിൽ ലാഭകരമായി അല്ല പ്രവർത്തിക്കുന്നതെന്നാണ് പറഞ്ഞത്. എല്ലാ വശങ്ങളെക്കുറിച്ചും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കരുണാകരൻ: നമ്മുടെ സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എവിടെയെല്ലാമാണ് നടക്കുന്നതെന്നു പറയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇതിന്റെ പ്രവർത്തനം സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്നത് വിഴിഞ്ഞത്താണ്. ഇ. എം. എഫ്. ആർ. ഐ. യുടെ നേതൃത്വത്തിൽ കോഴിക്കോട് ഇതുപോലുള്ള ഒരു കേന്ദ്രം [illegible]ക്കുന്നുണ്ട്.

ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള: പേൾ കൾച്ചറിംഗുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നത് വിദഗ്ദ്ധൻമാർ ആണെന്നു പറഞ്ഞു. ആ വിദഗ്ദ്ധൻമാർക്ക് നിശ്ചിതമായ യോഗ്യത ഉണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അവർ വിദഗ്ദ്ധൻമാർ ആണെന്നറിയാം. സയൻറിസ്റ്റുകളാണ്. എന്തെല്ലാമാണ് യോഗ്യതകളെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അറിയാൻ സാധിക്കുകയില്ല.

ശ്രീ. പി. ആർ. ശിവൻ: പേൾ കൾച്ചറിംഗിനും മസ്സൽ കൾച്ചറിംഗിനും കൂടുതൽ സാദ്ധ്യത നമ്മുടെ സംസ്ഥാനത്തുള്ളതുകൊണ്ട് കൂടുതൽ കേന്ദ്രങ്ങളിലേക്ക് അത് വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുതന്നെ നഷ്ടത്തിലും പ്രയാസത്തിലുമാണ്. അതുകൊണ്ട് ഇതിന്റെ സാദ്ധ്യതകളും പൂർണ്ണമായി പരിശോധിച്ചതിനുശേഷം മാത്രമേ മറ്റ് സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

മലയോരപ്രദേശങ്ങളിൽ കൃഷിക്കാർക്ക് പട്ടയം

* 556 [604] ശ്രീ. കെ. ടി. കുമാരൻ:
,, ഇ. കെ. പിള്ള:
,, വി. കെ. രാജൻ:
,, സി. എ. കുര്യൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. പി. പ്രഭാകരൻ:
,, കെ. ടി. കണാരൻ:
,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരപ്രദേശങ്ങളിലെ പതിനായിരക്കണക്കിനു കൃഷിക്കാർക്ക് പട്ടയം കൊടുക്കാത്തതുമൂലം അവരനുഭവിക്കുന്ന ബുദ്ധിമുട്ട് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പട്ടയം കൊടുത്തു തീർക്കാൻ കഴിയാതെ വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) പതിവുഭൂമിക്ക് കൈവശനിയമാനുസൃതം ഒടുക്കേണ്ട തുക അടയ്ക്കാൻ വൈകുന്നതു യഥാസമയം പട്ടയവിതരണം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ ഒരു കാരണമാണ്. നയപരവും സാങ്കേതികവുമായ മറ്റ് കാരണങ്ങളുമുണ്ട്. 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമമനുസരിച്ച് റിസർവ് വനങ്ങളിൽനിന്നും വനേതരാവശ്യങ്ങൾക്ക് ഭൂമി വിട്ടുകൊടുക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ കുത്തകപ്പാട്ട വ്യവസ്ഥയിലും അനധികൃത പ്രവേശനത്തിലുമായി വനഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് ഭൂമി പതിച്ചു പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. ഇ. കെ. പിള്ള: കൈവശം പണം അടച്ചിട്ടും പട്ടയം കൊടുക്കാത്ത ആയിരക്കണക്കിന് കേസുകളും ഉണ്ടെന്നുള്ള വസ്തുത റവന്യൂമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അങ്ങനെയുള്ള കേസുകളും ഉണ്ട്. നിയമപരവും നയപരവും സാങ്കേതികവുമായ ചില തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടെന്നുള്ളതുകൊണ്ടാണ് അങ്ങനെ കൊടുക്കാൻ സാധിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly